(ഐ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജെ) കേരളാ സ്പോർട്ട്സ് കൗൺസിലിന്റെ കോച്ചിനെ അയച്ചിരുന്നില്ല.

(കെ) ഇതിന്റെ ലേഡീ മാനേജർ ലീന, എ.-യും, ടീം മാനേജർ ജെയ്സ് സ്റ്റീഫനുമുണ്ടായിരുന്നു.

തിരുവനന്തപുരത്തുവച്ച് നടന്ന നാഷണൽ വനിതാ കായികമേള

90 [2593] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണോ നാഷണൽ വനിതാ കായികമേള തുടങ്ങിവച്ചത്; വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് ഓഫ് ഇൻഡ്യ, മിനിസ്റ്ററി ഓഫ് യൂത്ത് അഫയേഴ്സ് ആന്റ് സ്പോർട്ട്സിന്റെ കീഴിലാണോ ഈ മത്സരം നടക്കുന്നത്;

(സി) ഇതിൽ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പങ്ക് എന്താണ്;

(ഡി) കേരളത്തിൽവച്ച് നടന്ന ഈ നാഷണൽ മേളയിൽ പങ്കെടുത്ത് വിജയിച്ച (1-ഉം, 2-ഉം, 3-ഉം സ്ഥാനങ്ങൾ നേടിയവർക്ക്) ആൾക്കാർക്ക് സർക്കാർ എന്തെങ്കിലും അവാർഡുകളോ പ്രൈസ് മണിയോ പ്രോൽസാഹനങ്ങളോ കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവർക്ക് ക്യാഷ് അവാർഡുകൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) അതെ.

(സി) 'സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ' ആണ് മൽസരങ്ങൾ സംഘടിപ്പിക്കുന്നത്. മൽസരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്കും ഒഫീഷ്യൽസിനും ഭക്ഷണം, യാത്രാബത്ത, വിജയികൾക്കും പങ്കെടുക്കുന്നവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ, മെഡൽ, ട്രോഫി, വിജയികൾക്കുള്ള പാരിതോഷികം എന്നിവയും സായി നൽകുന്നു.

(ഡി) കേരളത്തിൽവച്ച് നടന്ന വനിതാകായികമേളയിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടിയവർക്ക് അവാർഡുകളോ പ്രൈസ് മണിയോ നൽകിയിട്ടില്ല. ദേശീയ മൽസരങ്ങളിൽ പങ്കെടുത്തവർക്ക് യൂണിഫോറം, സ്പോർട്സ് കിറ്റ് എന്നിവ കേരളാ സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൃഷ് അവാർഡ് നൽകുന്നതിന് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവിൽ വനിതാ ദേശീയ കായിക മേളയെ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാന കായികതാരങ്ങളെ അതാത് വർഷം തന്നെ തെരഞ്ഞെടുക്കാൻ നടപടി

91 [2594] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് സർവ്വീസിലേക്ക് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായികതാരങ്ങളെ തെരഞ്ഞെടുത്തു എന്നു വ്യക്തമാക്കാമോ;

(ബി) കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രശസ്ത കായികതാരമായ (ചെസ്) ശ്രീമതി കെ. എസ്. പ്രീതയെ തെരഞ്ഞെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷവും എത്ര കായിക താരങ്ങളെ വീതമാണ് തെരഞ്ഞെടുക്കുന്നത്; അതാതു വർഷം തന്നെ ഇതിനുള്ള സെലക്ഷൻ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രശസ്ത ഫുടുബോൾ താരമായ ജോപോൾ അഞ്ചേരിയെ ഏതു പോസ്റ്റിലാണ് നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കായിക താരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതി പ്രകാരം 95 പേരെ തെരഞ്ഞെടുത്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 100 പേർക്ക് നിയമനം നൽകാനാണ് തീരുമാന മെങ്കിലും സൈക്കിളിംഗ് വിഭാഗത്തിൽ കോടതി സ്റ്റേ ഉള്ളതിനാൽ പ്രസ്തുത വിഭാഗത്തിന് നീക്കിവെച്ചിട്ടുള്ള 5 തസ്തികകൾ ഒഴിച്ച് ബാക്കിയുള്ള 95 തസ്തികകളിലേക്കുള്ള വിജ്ഞാപനമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമനം നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നത് മൂലമുണ്ടായ ആറ് ഒഴിവുകളിലേക്ക് ഈ സർക്കാർ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്.

(ബി) മാനദണ്ഡങ്ങൾ 23-12-2003-ലെ 54735/എസ്.ഡി1/03/പൊ.ഭ.വ. നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ചെസ് എന്ന കായിക ഇനം, 23-12-2003-ലെ വിജ്ഞാപനമനുസരിച്ച് ഗ്രൂപ്പ് 10-ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശ്രീമതി കെ. എസ്. പ്രീതയ്ക്ക് പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം വേണ്ട മുൻഗണനാ ക്രമം ഇല്ലാത്തതിനാലാണ് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly